(ബി) സർവേ ഇപ്പോഴും തുടരുന്നുണ്ടോ ?

മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

അവശ ക്രൈസ്തവരുടെ ഉന്നമനത്തിനായി കോർപ്പറേഷൻ

* 49 [53] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി. താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ ക്രൈസ്തവരുടെ ഉന്നമനത്തിനായി ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) അല്ലെങ്കിൽ എന്താണിതിന് കാരണം ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കോർപ്പറേഷൻ രൂപീകരിക്കുന്നതിനുവേണ്ടി പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം കോർപ്പറേഷൻ രൂപീകരണത്തിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കേരളാ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ അംഗീകരിച്ച സ്കീമുകൾ

* 50 [55] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ അംഗീകരിച്ച് അനുവാദത്തിന് വേണ്ടി ഗവൺമെന്റിന് സമർപ്പിച്ച ഏതെല്ലാം സ്കീമുകൾക്കാണ് ഗവൺമെന്റ് അനുവാദം നൽകാതിരിക്കുന്നത്;

(ബി) അനുവാദം നൽകാതിരിക്കുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഗവൺമെന്റിന്റെ അനുവാദത്തിനു വേണ്ടി അയച്ചിട്ടുള്ളവയും അനുവാദം നൽകിയിട്ടില്ലാത്തവയും എന്നാൽ പരിഗണനയിലിരിക്കുന്നതുമായ പദ്ധതികൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് വിദേശങ്ങളിൽ ജോലിനേടുന്നതിനുള്ള വായ്പാ പദ്ധതി.

2. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺവാങ്ങി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി മാർജിൻ മണി നൽകുന്നതിനുള്ള പദ്ധതി.

3. ദരിദ്രരായ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ബാങ്കുകളിൽ നിന്നും ലോണെടുത്ത് സാമ്പത്തികോന്നമനത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർജിൻ മണി നൽകാനുള്ള പദ്ധതി.

4. ഹരിജൻ സഹകരണ സംഘങ്ങൾ മുഖാന്തിരം ചൂരൽ വ്യവസായം ആരംഭിക്കുന്നതിനുള്ള പദ്ധതി.

5. കൃഷിഭൂമി വാങ്ങുവാനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

(ബി) ഈ സ്കീമുകൾ ഗവൺമെൻറ് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ഹരിജൻ കോളനികളിൽ വിദ്യുച്ഛക്തിയും ശുദ്ധജലവും എത്തിക്കുന്നതിനുള്ള നടപടി

* 51 [57] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിൽ വിദ്യുച്ഛക്തിയും ശുദ്ധജലവും എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ;

(ബി) എല്ലാ ഹരിജൻ കോളനികളിലും എന്നത്തേക്ക് വെളിച്ചവും ശുദ്ധജലവും എത്തിക്കാൻ സാധിക്കും ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) എല്ലാ കോളനികളിലും പൂർത്തിയായിട്ടില്ല.

(ബി) ചുരുങ്ങിയകാലംകൊണ്ട് എല്ലാകോളനികളിലും എത്തിക്കണമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം.

കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ

*52 [58] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതിനകം എത്ര വർക്കുകൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്;

(ബി) ഇപ്പോൾ എത്ര വർക്കുകൾ നടത്തിക്കൊണ്ടിരിക്കുന്നു;

(സി) ഗവൺമെൻറ് വർക്കുകൾ ഏറ്റെടുത്തു നടത്തുവാൻ കോർപ്പറേഷൻ തയ്യാറായിവന്നാലും പല ഡിപ്പാർട്ടുമെൻറും വർക്കുകൾപോലും കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകാൻ തയ്യാറാകുന്നില്ല എന്ന വസ്തുത സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly